# THE VILLAGE INTERNATIONAL SCHOOL

**GRADE-5**

**QUESTION BANK**

# പാഠം-9

# ഒലി

**അർത്ഥം എഴുതുക**

1.ശബ്ദം -

2.ചെളി -

3.പാടം -

4.മണം -

5.അരുവി -

**എതിർലിംഗം**

1.കിഴവൻ -

2.പെണ്ണുങ്ങൾ -

3.പൗരൻ -

4.നരൻ -

**പിരിച്ചെഴുതുക**

1.മക്കളെക്കണ്ടം =

2.നട്ടുച്ചയോളം =

3.തെളിമയിൽ =

4.മനസ്സിലെണീറ്റിരിക്കും =

**മാറ്റി എഴുതുക**

1.ചടഞ്ഞു -

2.ചൊടിച്ചു -

3.ശ്വസിച്ചു -

4.കാത്തു -

5.എണീറ്റു -

**കണ്ടെത്തി എഴുതുക**

1.വൃദ്ധനായ കൃഷിക്കാരന്റെ ദിനചര്യ എന്ത്?

2.വൃദ്ധൻ ചൊടിച്ചിരിക്കുന്നത് എപ്പോഴാണ്?

3.കൃഷിക്കാരന്റെ മനസ്സിൽ തെളിയുന്ന ഓർമ്മകൾ എന്തെല്ലാം?

4.വൃദ്ധന്റെ ഉപദേശം എന്ത്?

## ഉത്തരങ്ങൾ

### അർത്ഥം എഴുതുക

1.ശബ്ദം - ഒലി

2.ചെളി - ചേറ്

3.പാടം - വയൽ,കണ്ടം

4.മണം - ഗന്ധം

5.അരുവി - ചോല

### എതിർലിംഗം

1.കിഴവൻ - കിഴവി

2.പെണ്ണുങ്ങൾ - ആണുങ്ങൾ

3.പൗരൻ - പൗര

4.നരൻ - നാരി

### പിരിച്ചെഴുതുക

1.മക്കളെക്കണ്ടം = മക്കൾ + അ + കണ്ടം

2.നട്ടുച്ചയോളം = നട്ടുച്ച + ഓളം

3.തെളിമയിൽ = തെളിമ + ഇൽ

4.മനസ്സിലെണീറ്റിരിക്കും = മനസ്സിൽ + എണീറ്റ് + ഇരിക്കും

### മാറ്റി എഴുതുക

1.ചടഞ്ഞു - ചടഞ്ഞിരിക്കും

2.ചൊടിച്ചു - ചൊടിച്ചിരിക്കും

3.ശ്വസിച്ചു - ശ്വസിച്ചിരിക്കും

4.കാത്തു - കാത്തിരിക്കും

5.എണീറ്റു - എണീറ്റിരിക്കും

**കണ്ടെത്തി എഴുതുക**

1.കിഴവനായ കൃഷിക്കാരൻ രാവിലെതന്നെ തന്റെ മക്കളോടൊപ്പം കൃഷിഭൂമിയിലേക്ക് പോകും. മക്കൾ കൃഷി ചെയ്യുന്നതും നോക്കികൊണ്ട് അദ്ദേഹം വയലിന്റെ വരമ്പിൽ കുത്തിയിരിക്കും. ഈ സമയം കാളകളുടെ കളിയാട്ടവും സ്ത്രീകൾ ഞാറു നടുമ്പോഴുള്ള ചെളിയുടെ ഗന്ധവും ശ്വസിച്ചുകൊണ്ട് ഉത്സാഹത്തോടെ വയലിന്റെ കരയിൽ ഇരിക്കും. ഒപ്പം തന്റെ പഴയകാലത്തെ ഓർമ്മകളും അദ്ദേഹത്തിന്റെ മനസ്സിൽ കടന്നുവരും. വൈകീട്ട് മക്കളും കാളയും കുളികഴിഞ്ഞു മടങ്ങി വരുന്നതുവരെ അദ്ദേഹം ആ ഇരിപ്പ് തുടരും. ഇതാണ് കിഴവനായ കൃഷിക്കാരന്റെ ദിനചര്യ.

2.വയലിൽ മക്കളും കാളയും കൃഷിചെയ്യുന്നത് കാണുമ്പോഴാണ് ആ കൃഷിക്കാരൻ ചൊടിച്ചിരിക്കുന്നത്.

3.മക്കളുടെ കൃഷിപ്പണികൾ കാണുമ്പോൾ തന്റെ പഴയകാല കാർഷിക ഓർമ്മകൾ അദ്ദേഹത്തിന്റെ മനസ്സിലേക്ക് കടന്നുവരും.

4.കൃഷിയെ സ്നേഹിച്ചും മണ്ണിൽ പണിയെടുത്തും സന്തോഷത്തോടെ ഈ ഭൂമിയിൽ ജീവിക്കണം എന്നാണ് വൃദ്ധന്റെ ഉപദേശം.